**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5367** **15-03-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി നിയോജകമണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് അറിയിക്കാമോ; | (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ നിലവിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആർ.കെ.ഐ പദ്ധതിയിൽ ഉൾപ്പെടുത്തി 'കരണ്ടോട് നീർത്തട പദ്ധതി' നടപ്പിലാക്കി വരുന്നു. 217.416 ലക്ഷം രൂപ അടങ്കൽ തുകയുള്ള പ്രസ്തുത പദ്ധതിയിൽ 106.477 ലക്ഷം രൂപ ചെലവഴിച്ച് 1028.47 ഹെക്ടർ പ്രദേശത്ത് വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾക്ക് പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (ബി) | മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന ആർ.ഐ.ഡി.എഫ് പദ്ധതികളിൽ കൃഷി ഭൂമിയിലെ സംരക്ഷണ പ്രവൃത്തികൾക്ക് 90% സബ്സിഡിയും 10% ഗുണഭോക്തൃ വിഹിതവും, പൊതു പ്രവർത്തികൾക്ക് 100% സബ്സിഡിയും നൽകി വരുന്നു. വകുപ്പ് മുഖേന നടപ്പിലാക്കുന്ന മറ്റു പദ്ധതികളായ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ ബാധിത/ സാധ്യതാ പ്രദേശങ്ങളുടെ സംരക്ഷണത്തിനായുള്ള പദ്ധതി, ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണ പദ്ധതി, നിഡ പദ്ധതി, സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസന പദ്ധതി, പരമ്പരാഗത ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവന പദ്ധതി, റീബിൽഡ് കേരള ഇനിഷിയേറ്റിവ് (ആർ.കെ.ഐ) പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) പദ്ധതി എന്നിവയ്ക്ക് 100% സബ്സിഡിയും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ